ആദിവാസി മേഖലകളിൽ സൗജന്യഭക്ഷണവും ചികിത്സയും എത്തിക്കുവാൻ പരിപാടി

25(*55) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്ത് ആദിവാസികൾക്ക് പട്ടിണി അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിണ്ടോ ;

(ബി) മഴക്കാലത്ത് ആദിവാസി മേഖലകളിൽ സൗജന്യഭക്ഷണവും ചികിത്സയും എത്തിക്കുവാൻ ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട് ;

(സി) പേമാരിയിലും പ്രകൃതിക്ഷോഭത്തിലും കൃഷിനശിക്കുന്ന ആദിവാസികൾക്ക് നഷ്ടം പൂർണ്ണമായും നികത്തുക വിധത്തിൽ നഷ്ടപരിഹാരം നൽകാൻ നടപടിയെടുക്കുമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ.കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) മൺസൂൺ കാലങ്ങളിൽ ആദിവാസി മേഖലകളിൽ തൊഴിലും ഭക്ഷണവും ഉറപ്പാക്കുന്ന ഫുഡ് സപ്പോർട്ട് പദ്ധതി നടപ്പാക്കിവരുന്നു. ഗ്രാമ പഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന ഇഷ്ടാനുസരണഗ്രാന്റ്, സിക്കിൾസെൽ അനീമിയ/ടി.ബി. മുതലായ രോഗങ്ങളുടെ ചികിത്സയും പുനരധിവാസവും എന്നീ പദ്ധതികൾക്ക് പുറമേ പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായവും നൽകുന്നു.

(സി) പേമാരിയിലും പ്രകൃതിക്ഷോഭത്തിലും കൃഷി നശിക്കുന്ന ആദിവാസികൾക്ക് റവന്യൂ/കൃഷി വകുപ്പുകളുമായി ബന്ധപ്പെട്ട് അടിയന്തിര സഹായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഭക്ഷ്യസഹായ പദ്ധതി അനുസരിച്ചുള്ള ദുരിതാശ്വാസപദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. വീട് നശിച്ചവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നു സഹായം ലഭിക്കാനും അർഹതയുണ്ട്.

ആദിവാസികളുടെ ദുരിതം ലഘൂകരിക്കുന്നതിന് നടപടി

26(*56) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കാലത്ത് ആദിവാസിമേഖലയിൽ ആദിവാസികളുടെ ദുരിതം ലഘൂകരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly